**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1386** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>ഡയറി സയൻസ് കോളേജ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീമതി ബിന്ദു കൃഷ്ണ
(തൊഴിൽ, മൃഗസംരക്ഷണ - വനിതാ ശിശു
വികസന വകുപ്പ് മന്ത്രി)

**(എ)** കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാലയുടെ കീഴിൽ പാറശ്ശാല നിയോജക മണ്ഡലത്തിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിലെ നെട്ടുകാൽത്തേരിയിൽ ഡയറി സയൻസ് കോളേജ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്നും കോളേജ് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള സമയക്രമം നിശ്ചയിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** നെട്ടുകാൽത്തേരിയിൽ കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവകലാശാലയുടെ കീഴിൽ ഡയറി സയൻസ് കോളേജ് സ്ഥാപിക്കാനായി സർവകലാശാല സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നതും ആയത് NABARD RIDF പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ പരിഗണനയിലുമാണ്.

**(ബി)** പ്രസ്തുത കോളേജിന്റെ നിർമ്മാണത്തിനും അനുബന്ധ അടിസ്ഥാന സൗകര്യ വികസനത്തിനുമായി ഭരണാനുമതിയും സാമ്പത്തിക അനുമതിയും ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

**<u>മറുപടി:</u>** നെട്ടുകാൽത്തേരിയിൽ കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവകലാശാലയുടെ കീഴിൽ ഡയറി സയൻസ് കോളേജ് സ്ഥാപിക്കാനായി സർവകലാശാല സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നതും ആയത് NABARD RIDF പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ പരിഗണന യിലുമാണ്.

**(സി)** വിദ്യാർത്ഥികളുടെ പ്രായോഗിക പരിശീലനത്തിനും ഗവേഷണ പ്രവർത്തനങ്ങൾക്കും ക്ഷീരമേഖലയിലെ നൂതന സാങ്കേതിക വിദ്യകളുടെ പ്രചാരണത്തിനുമായി കോളേജിനോട് അനുബന്ധിച്ച് ഒരു ആധുനിക ഡയറി ഫാം സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** ക്ഷീരവികസനവകുപ്പിന്റെ കീഴിൽ ആധുനിക ഡയറി ഫാം സ്ഥാപിക്കുന്നത് പരിഗണനയിലുള്ള വിഷയമാണ്.

**(ഡി)** ഡയറി സയൻസ് കോളേജും അനുബന്ധ ഡയറിഫാമും യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് പദ്ധതി സമയ ബന്ധിതമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ?

**<u>മറുപടി:</u>** ഉദ്ദേശിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**